സിറാജ്
SIRAJ MALAYALAM DAILY SINCE 1984
7 September 2021

## 30,000 ടണ്ണിലൂടെ 75 കോടിയുടെ നേട്ടം

# വൻ വരുമാനം: കടൽ പായൽ കൃഷിയുമായി ലക്ഷദ്വീപ്

**● ദ്വീപിലെ 100 കുടുംബങ്ങൾക്ക് ആദ്യ ഘട്ടത്തിൽ ഗുണഫലം**

സ്വന്തം ലേഖകൻ



കൃഷിയിറക്കുന്നതിനായി വനിതാ സ്വയംസഹായക സംഘാംഗങ്ങൾ കടൽപായൽ വിത്തുകളുടെ ചങ്ങാടങ്ങൾ കൊണ്ടുപോകുന്നു

കൊച്ചി | മത്സ്യോത്പാദനം, നാളികേര കൃഷി, ടൂറിസം എന്നിവക്ക് പിന്നാലെ സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്താൻ കടൽപായൽ കൃഷിയുമായി ലക്ഷദ്വീപ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി എം എഫ് ആർ ഐ) ദ്വീപിൽ നടത്തിയ പരീക്ഷണാടിസ്ഥാനത്തിലുള്ള കടൽപായൽ കൃഷി വൻവിജയമായതിനെ തുടർന്ന് ജനവാസമുള്ള ഒമ്പത് ദ്വീപുകളിൽ വ്യാപകമായ തോതിൽ കടൽപായൽ കൃഷി പരിചയപ്പെടുത്തി പുതിയ സാമ്പത്തിക സ്രോതസ്സിന് അടിത്തറ പാകുകയാണ് ലക്ഷദ്വീപ്. ഇതിന്റെ ഭാഗമായി, സി എം എഫ് ആർ ഐയുടെ സാങ്കേതിക സഹായത്തോടെ വിവിധ ദ്വീപുകളിലായി 2,500ഓളം മുളകൊണ്ട് നിർമിച്ച ചങ്ങാടങ്ങൾ ഉപയോഗിച്ച് പായൽ കൃഷി ആരംഭിച്ചു.

ലക്ഷദ്വീപിലെ തദ്ദേശീയ ഇനമായ എഡ്യുലിസ് എന്ന കടൽപായലാണ് കൃഷി ചെയ്യുന്നത്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള 10 സ്വയംസഹായക സംഘങ്ങളുൾപ്പെടെ ദ്വീപിലെ 100 കുടുംബങ്ങൾക്കാണ് ആദ്യ ഘട്ടത്തിൽ കൃഷിയുടെ ഗുണഫലം ലഭിക്കുക.

ദ്വീപിലെ കടൽത്തീരങ്ങൾ പായൽകൃഷിക്ക് ഏറ്റവും അനുയോജ്യമാണെന്നും മരുന്ന്, ഭക്ഷ്യ വ്യവസായങ്ങൾക്ക് ഗുണകരമാകുന്ന മികച്ച കടൽ പായലുകൾ ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയുമെന്നും സി എം എഫ് ആർ ഐ നടത്തിയ പഠനത്തിൽ വ്യക്തമായിരുന്നു. തദ്ദേശീയ പായൽ വർഗങ്ങളുടെ കൃഷിക്ക് ദ്വീപ് തീരങ്ങളിൽ 45 ദിവസത്തിനുള്ളിൽ 60 മടങ്ങ് വരെ വളർച്ചാ നിരക്ക് ലഭിക്കുമെന്നും പഠനം വെളിപ്പെടുത്തി. ഇതിന്റെ വെളിച്ചത്തിലാണ് ലക്ഷദ്വീപ് ഭരണകൂടം സി എം എഫ് ആർ ഐയുമായി ചേർന്ന് കിൽത്താൻ, ചെത്ത്‌ല, കടമത്ത്, അഗത്തി, കവരത്തി ദ്വീപുകളിൽ കഴിഞ്ഞ വർഷം കടൽപായൽ കൃഷി പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയത്. ഇത് വൻ വിജയമായിരുന്നു.

ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് പ്രതിവർഷം 75 കോടി രൂപയുടെ കടൽപായൽ ഉത്പാദിപ്പിക്കാമെന്ന് ഈ പഠനത്തിൽ ബോധ്യപ്പെട്ടെന്ന് സി എം എഫ് ആർ ഐയിലെ സയന്റിസ്റ്റ് ഡോ. മുഹമ്മദ് കോയ പറഞ്ഞു. വിവിധ ദ്വീപുകളിലെ 21,290 ഹെക്ടർ വിസ്തൃതിയിലുള്ള ലഗൂണുകളുടെ (തീരക്കടൽ) ഒരു ശതമാനം മാത്രം (200 ഹെക്ടർ) ഉപയോഗിച്ചാണിത്. ഏകദേശം 30,000 ടൺ ഉണങ്ങിയ പായൽ ഓരോ വർഷവും വിളവെടുക്കാം. ഒരു ഹെക്ടറിൽ നിന്ന് 150 ടൺ വരെ ഉത്പാദനം നേടാമെന്നും അദ്ദേഹം പറഞ്ഞു.

നേട്ടങ്ങളുടെ ഈ കണക്കാണ് കടൽപായൽ കൃഷിയിലേക്ക് തിരിയാൻ ലക്ഷദ്വീപ് ഭരണകൂടത്തെ പ്രേരിപ്പിച്ചത്. മരുന്നുകൾ, സൗന്ദര്യ വർധക വസ്തുക്കൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനും ഐസ്ക്രീം, പേസ്ട്രിസ് എന്നിവയുൾപ്പെടെയുള്ള ബേക്കറി സാധനങ്ങൾ നിർമിക്കുന്നതിനുമുള്ള അവിഭാജ്യ ഘടകമായ അഗാർ, ഭക്ഷ്യവസ്തുക്കളിൽ ജെല്ലിംഗ് ഏജന്റായി പ്രവർത്തിക്കുന്ന കരാജീനൻ, ഉൾവ എന്നിവയെല്ലാം കടൽ പായലിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നത്. പായലുകളിലെ കോശഭിത്തിയിൽ നിന്ന് അഗാർ സംസ്കരിച്ചെടുത്തശേഷം അവശിഷ്ടത്തിൽ നിന്ന് ബയോ എഥനോളും ഉത്പാദിപ്പിക്കാനാകും. ഇത്തരത്തിൽ വൻസാധ്യതയാണ് ഈ കൃഷി തുറന്നിടുക. അലങ്കാര മത്സ്യങ്ങൾ, ചിപ്പികൾ, കടൽക്കുതിര, സീ അർച്ചിൻ തുടങ്ങി ജീവജാലങ്ങൾക്ക് ആവാസവ്യവസ്ഥ കൂടിയാണ് ഈ കടൽപായലുകൾ ഒരുക്കുന്നത്.

സാമ്പത്തിക നേട്ടത്തിന് പുറമെ, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനും കടൽ പായൽ കൃഷി അനുയോജ്യമാണ്. വൻതോതിൽ കാർബൺ ഡയോക്സൈഡിനെ ആഗിരണം ചെയ്ത് പിടിച്ചുവെക്കാൻ കടൽപായലുകൾക്ക് ശേഷിയുണ്ട്. സി എം എഫ് ആർ ഐ നിർദേശിച്ച അളവിൽ കൃഷി ചെയ്യുന്നതിലൂടെ മാത്രം പ്രതിദിനം 6,500 ടൺ കാർബൺ ഡയോക്സൈഡ് ഇത്തരത്തിൽ പായലുകൾക്ക് സംഭരിച്ചുവെക്കാനാകും.